**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3659** **14-07-2022 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ ക്ഷീരവികസന സുസ്ഥിര പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021 -22 ലെ ഇക്കണോമിക് സർവ്വേ പ്രകാരം രാജ്യത്തെ കാർഷിക മേഖലയിലെ വളർച്ചയുടെ ഏറിയ പങ്കം സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ ക്ഷീരവികസന മേഖലയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ പ്രത്യേക ഉപഭോഗ തൊഴിൽ സാധ്യതകൾ വിലയിരുത്തി മൃഗ സംരക്ഷണ, ക്ഷീര വികസന മേഖലകളിൽ സുസ്ഥിര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ ആട് വളർത്തൽ യൂണിറ്റുകൾ, മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി, വനിതകൾക്കായി ക്ഷീര സംരംഭകത്വ പദ്ധതി എന്നിവ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നു.<br><br>പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കർഷകർക്ക് ക്ഷീരോല്പാദന ചെലവു കുറയ്ക്കുന്നതിനായി മിൽക്ക് ഇൻസെന്റീവ്, ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും നൽകുന്ന പദ്ധതി കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമാ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ, വനിതകൾ എന്നിവരെ ക്ഷീര വികസന, മൃഗ സംരക്ഷണ മേഖലകളിലേക്ക് ആകർഷിക്കുവാൻ കഴിയുന്നവിധം സ്വകാര്യ ഫാമുകൾ ഉൾപ്പടെയുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി കേന്ദ്ര പദ്ധതികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | സ്വീകരിക്കുന്നുണ്ട്. കന്നുകാലികൾ, പക്ഷികൾ എന്നിവയുടെ ആരോഗ്യത്തിനായി വെറ്ററിനറി സേവനങ്ങളുടെ ശാക്തീകരണം, രാത്രികാല വെറ്ററിനറി സേവനം, പ്രജനന സേവനങ്ങളുടെ ശാക്തീകരണം, വെറ്ററിനറി എക്സ്റ്റൻഷൻ, കന്നുകാലി ഇൻഷ്വറൻസ്, കന്നുകുട്ടി പരിപാലനം, ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശാക്തീകരണം, അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ കേന്ദ്ര പദ്ധതിയായ NLM പദ്ധതിയ്ക്ക് കീഴിൽ കോഴിവളർത്തൽ, പന്നി വളർത്തൽ, ആട് വളർത്തൽ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.<br><br>അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ, വനിതകൾ എന്നിവരെ, ക്ഷീരമേഖലകളിലേക്ക് ആകർഷിക്കുവാനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ എന്നീ പദ്ധതികൾ സർക്കാർ ധനസഹായത്തോടെ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും സംരംഭങ്ങളും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള പരിശീലനങ്ങളും നൽകി വരുന്നു. |
| (ഡി) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയിലുൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ വ്യവസായ വകുപ്പുമായി സഹകരിച്ച് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. മൃഗസംരക്ഷണ വകുപ്പും വ്യവസായ വകുപ്പും സംയുക്തമായി ആണ് മൃഗസംരക്ഷണ മേഖലയിലെ സംരംഭകരെ പ്രാദേശിക തലത്തിൽ കണ്ടെത്തുന്നത്. മൃഗസംരക്ഷണ മേഖലയിൽ താല്പര്യമുള്ള സംരംഭകർക്ക് നൈപുണ്യ പരിശീലനത്തിനുള്ള പ്രാരംഭ നടപടികൾ മൃഗസംരക്ഷണ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. താലൂക്ക് തല സംരംഭകത്വ സെമിനാറുകൾ വകുപ്പ് തലത്തിൽ വ്യവസായ |

| | | | |
|---|---|---|---|
| | | | വകുപ്പുമായി ചേർന്ന് നടത്തുന്നതാണ്. മൃഗസംരക്ഷണ മേഖലയിലെ സംരംഭങ്ങൾക്കുള്ള വെറ്ററിനറി സേവനം ഉൾപ്പെടെയുള്ള സാങ്കേതിക സഹായം വകുപ്പിന്റെ സ്ഥാപനങ്ങൾ വഴി നൽകുന്നതാണ്.<br><br>വ്യവസായവകുപ്പുമായി സഹകരിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. തീറ്റപ്പുൽകൃഷി –വ്യാവസായികാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.<br><br>2. കറവപശു യൂണിറ്റ് – ഒരു പശു, രണ്ട് പശു, അഞ്ച് പശു, പത്ത് പശു എന്നീ തരത്തിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായ പദ്ധതി.<br><br>3. കിടാരി വളർത്തൽ യൂണിറ്റ് 5, 10 കിടാരികളുള്ള യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ധനസഹായ പദ്ധതി. |

സെക്ഷൻ ഓഫീസർ